# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

17.05.2017 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 468

## ഇ-ഗവേണൻസും എം-ഗവേണൻസും വ്യാപകമാക്കാനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജെയിംസ് മാത്യു<br>" എസ്.ശർമ്മ<br>" സി.കെ. ഹരീന്ദ്രൻ<br>" എൻ. വിജയൻ പിള്ള | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ഇ-ഗവേണൻസും എം-ഗവേണൻസും വ്യാപകമാക്കാനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (എ) സംസ്ഥാനത്ത് ഇ-ഗവേണൻസ് വ്യാപകമാക്കുന്നതിനായി ഇ-ഡിസ്ട്രിക്ട്, ഇ-സംഭരണം, ഇ-ഓഫീസ് എന്നീ സർവ്വീസുകൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതു വഴി യഥാക്രമം റവന്യൂ സർട്ടിഫിക്കറ്റുകളുടെ വിതരണം, ദർഘാസ് നടപടികൾ, സർക്കാർ ഓഫീസുകളിലെ ഫയൽ കൈകാര്യം ചെയ്യുന്ന നടപടികൾ എന്നിവ സുഗമവും സുതാര്യവും കാര്യക്ഷമവുമായി നടന്നു വരുന്നു. ഇ-ഗവേണൻസിന്റെ ഭാഗമായി ഐ.ടി. വിഭാഗത്തിലെ സർക്കാർ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനായുള്ള പരിശീലന പരിപാടി നടപ്പിലാക്കി വരുന്നു. കൂടാതെ വിവരസാങ്കേതിക വിദ്യയുടെ വ്യാപനം സർക്കാർ തലത്തിൽ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി തിരഞ്ഞെടുത്ത ഉദ്യോഗസ്ഥന്മാരെ വെർച്ചൽ ഐ.ടി കേഡർ സംവിധാനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>എല്ലാ വകുപ്പുകളും വിവിധ തലങ്ങളിൽ ഇ-ഗവേണൻസ് ആപ്ലിക്കേഷനുകൾ ഉപയോഗിക്കുന്നുണ്ട്. മിക്ക വകുപ്പുകളും അടിസ്ഥാന തലത്തിലുള്ള വെബ്സൈറ്റുകൾക്ക് രൂപം നല്കിയിട്ടുണ്ട്. ഇത് വഴി പൊതുജനങ്ങൾക്ക് അറിയിപ്പുകൾ നൽകാനും, അവരുമായി ആശയ വിനിമയം നടത്തുന്നതിനും സാധിക്കുന്നുണ്ട്. അതുപോലെ ഇ-പ്രൊക്യൂർമെന്റ്, |

ഇ-ഓഫീസ്, ഇ-ഡിസ്ട്രിക്ട് ആപ്ലിക്കേഷനുകളുടെ ഉപയോഗം നിർബന്ധമാക്കിയതിനാൽ വളരെയധികം വകുപ്പുകൾ/ ഓഫീസുകൾ ഈ ആപ്ലിക്കേഷനുകൾ ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്. ചില വകുപ്പുകൾ പേപ്പർ രഹിത ഓഫീസുകളായി മാറിയിട്ടുണ്ട്. അവർ ഫയലുകൾ കൈകാര്യം ചെയ്യുന്നതിനായി ഇ-ഓഫീസ്, ഡി.ഡി.എഫ്.എസ് മുതലായ ആപ്ലിക്കേഷനുകൾ ഉപയോഗിച്ചു വരുന്നു.

എം-ഗവേണൻസ് വ്യാപകമാക്കുന്നതിനായി കേരള സർക്കാർ വികസിപ്പിച്ചുകൊണ്ടിരിക്കുന്ന ഏകീകൃത മൊബൈൽ ആപ്ലിക്കേഷൻ ആണ് 'എം-കേരളം'. സർക്കാർ വകുപ്പുകളുടെ വിവിധതരം സേവനങ്ങൾ ഒരു മൊബൈൽ ആപ്ലിക്കേഷൻ വഴി ജനങ്ങളിൽ എത്തിക്കുക എന്നതാണ് എം - ഗവേണൻസ് പദ്ധതിയുടെ ഉദ്ദേശം.

| | | | |
|---|---|---|---|
| (ബി) | ഇത്തരം സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള വിവരസാങ്കേതികവിദ്യാ അടിസ്ഥാന സൗകര്യങ്ങൾ എന്തെല്ലാമാണ്; | (ബി) | ഇ-ഗവേണൻസിലേക്കായി സംസ്ഥാന ഡാറ്റ സെന്റർ, സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക്, എം-ഗവേണൻസ്, വീഡിയോ കോൺഫറൻസ്, മുതലായ പൊതു അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. നോഡൽ ഏജൻസിയായ ഐ. ടി. മിഷൻ കൺസൽട്ടൻസി സേവനങ്ങളും നൽകുന്നുണ്ട്. |
| (സി) | ഇ-ഗവേണൻസ് വ്യാപനത്തിന്റെ ഭാഗമായി ജനസേവനകേന്ദ്രങ്ങൾ വ്യാപിപ്പിക്കാനും അക്ഷയ കേന്ദ്രങ്ങളുടെ സേവന മേഖല വിപുലപ്പെടുത്താനും ഉദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ? | (സി) | ഉണ്ട്. |

Mancharan

സെക്ഷൻ ഓഫീസർ